# Malayala Manorama
# 24 August 2018
# Kakkanad; Medha Patkar Visited Camp




തൃക്കാക്കര ഭാരതമാത കോളജിലെ ദുരിതാശ്വാസ ക്യാംപിൽ മേധാ പട്കർ എത്തിയപ്പോൾ. കോളജ് മാനേജർ ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി സമീപം.

## മേധാ പട്കർ ദുരിതാശ്വാസ ക്യാംപുകൾ സന്ദർശിച്ചു

കാക്കനാട് ● വൻദുരന്തംവേട്ടയാടിയപ്പോൾ കേരളം ഒറ്റക്കെട്ടോടെ രംഗത്തിറങ്ങിയതു മാതൃകയാണെന്നു മേധാ പട്കർ. ദുരന്ത മേഖലയിൽ കൈകോർത്തവർ പുനരധിവാസത്തിനും കൂടെയുണ്ടാകണം.

വീടുകൾ പുനർനിർമിക്കാനും തൊഴിലുപകരണങ്ങൾ ലഭ്യമാക്കാനും നടപടി വേണം.

തൃക്കാക്കര ഭാരതമാതാ കോളജിലെ ദുരിതാശ്വാസ ക്യാംപ് സന്ദർശിക്കുകയായിരുന്നു മേധാ പട്കർ.

കോളജ് മാനേജർ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, പ്രിൻസിപ്പൽ ഡോ. ഷൈനി പാലാട്ടി, എംഎസ്ഡബ്ല്യു വിഭാഗം മേധാവി ഡോ. ഷീന രാജൻ ഫിലിപ് തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു.

## ‘എക്സിസ്റ്റൻസ്’ ചിത്രപ്രദർശനം 26 മുതൽ

കൊച്ചി ● കേരള ലളിതകലാ അക്കാദമി സംഘടിപ്പിക്കുന്ന എം.ആർ. ജിതിന്റെ ചിത്രപ്രദർശനം ‘എക്സിസ്റ്റൻസ്’ 26 മുതൽ കാലടി ആർട് ഗാലറിയിൽ നടത്തും.

സെപ്റ്റംബർ ഒന്നിനു സമാപിക്കും. 26നു രാവിലെ 11നു സുനിൽ പി. ഇളയിടം പ്രദർശനം ഉദ്ഘാടനം ചെയ്യും.